ഇൻഫോ പാർക്ക് സ്മാർട്ട് സിറ്റിക്ക് കൈമാറുന്ന നടപടി

38 [119] *ശ്രീ. എം. എം. ഹസ്സൻ:*

„ *ടി. എൻ. പ്രതാപൻ:*

„ *ലൂഡി ലൂയിസ്:*

„ *സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫോപാർക്കും അവിടെയുള്ള 62 ഏക്കർ സ്ഥലവും 109 കോടി രൂപയ്ക്ക് സ്മാർട്ട് സിറ്റിക്ക് നൽകുന്നത് ന്യായീകരിക്കാനാവില്ലെന്ന് പ്രതിപക്ഷ നേതാവിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻഫോപാർക്കിന് വേണ്ടി സ്ഥലമെടുത്തതിന് എന്തു തുക ചെലവായി; അവിടെ നടത്തിയതും നടന്നുകൊണ്ടിരിക്കുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്തു തുക ചെലവായി;

(സി) അവിടെയുള്ള തപസ്യ, വിസ്മയ എന്നീ കെട്ടിടങ്ങൾ കൈമാറുന്നുണ്ടോ; ഇല്ലെങ്കിൽ അവ ഗവൺമെന്റ് ഉടമസ്ഥതയിൽ തുടരുമോ;

(ഡി) അവയ്ക്ക് പ്രതിവർഷം എന്ത് വാടക കിട്ടുമെന്നറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇൻഫോപാർക്കിന് വേണ്ടി കിൻഫ്ര കൈമാറ്റം ചെയ്ത 91.9 ഏക്കർ സ്ഥലമെടുത്തതിന് കിൻഫ്രയ്ക്ക് 6.08 കോടി രൂപ ചെലവായിട്ടുണ്ട്. അവിടുത്തെ അടിസ്ഥാന സൗകര്യങ്ങൾക്കും മറ്റു നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി കിൻഫ്രയുടെ മുതൽ മുടക്ക് 23 കോടി രൂപയാണ്. അതായത് കിൻഫ്രയുടെ ആകെ മുതൽ മുടക്ക് 29.08 കോടി രൂപയാണ്. ഇതിൽ 7.26 കോടി രൂപ, ഭൂമി പാട്ടത്തിന് കൊടുത്ത വകയിൽ തിരികെ ലഭിച്ചിട്ടുണ്ട്. ഇൻഫോപാർക്കിന് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 31-3-2005 വരെ 41.62 കോടി രൂപ ചെലവായിട്ടുണ്ട്. നടന്ന് കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 16.39 കോടി രൂപ ചെലവാകുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ സുമാർ 62.27 ഏക്കറുള്ള ഇൻഫോ പാർക്കും അതിലുള്ള കെട്ടിടങ്ങളും റോഡ് മുതലായ അനുബന്ധ സൗകര്യങ്ങൾ ഉൾപ്പെടെ ആകെ 80.43 കോടി രൂപ സർക്കാർ മുതൽ മുടക്കിയിട്ടുണ്ട്.

(സി) തപസ്യ, വിസ്മയ എന്നീ രണ്ട് കെട്ടിടങ്ങളും കൈമാറ്റം ചെയ്യാൻ ഉദ്ദേശിക്കുന്ന വസ്തുവകകളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തപസ്യ, വിസ്മയ എന്നീ രണ്ട് കെട്ടിടങ്ങൾ പൂർണ്ണ പ്രവർത്തന ക്ഷമത എത്തുമ്പോൾ ഏകദേശം 5.45 കോടി രൂപ പ്രതിവർഷം വാടക കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

സ്മാർട്ട് സിറ്റി പദ്ധതി

39 [120] *ശ്രീ. വി. ഡി. സതീശൻ:*

„ *ജോർജ് ജെ. മാത്യു:*

„ *വർക്കല കഹാർ:*

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുമായി ഗവൺമെന്റിനെ സമീപിച്ചിട്ടുള്ള ദുബായ് ഇന്റർനെറ്റ് സിറ്റി സഹകാര്യ കമ്പനിയാണോ; ആണെങ്കിൽ വിശദാംശം നൽകുമോ;

(ബി) അത് സഹകാര്യ കമ്പനിയല്ലെങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) സ്മാർട്ട് സിറ്റിക്ക് കൈമാറാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് ഏക്കറിന് 3.5 കോടി രൂപ വിലയുണ്ടെന്ന പ്രതിപക്ഷ നേതാവിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്മാർട്ട് സിറ്റിക്കു കൈമാറുന്ന സ്ഥലം എപ്രകാരമുള്ളതാണെന്ന് പറയുമോ;

(ഇ) സ്മാർട്ട് സിറ്റിക്ക് സൗജന്യമായി കൊടുക്കാമെന്ന് പറഞ്ഞിട്ടുള്ള സ്ഥലത്തിന് റവന്യൂ വകുപ്പ് നിശ്ചയിച്ചിട്ടുള്ള വില എത്രയാണ്;

(എഫ്) സൗജന്യമായി അല്ലാതെ സ്മാർട്ട് സിറ്റിക്ക് കൊടുക്കുന്ന ഭൂമിയുടെ വില വഹിക്കുന്നതാരാണെന്നറിയിക്കുമോ?

ഉത്തരം

(എ) ദുബായ് ഇന്റർനെറ്റ് സിറ്റി ഒരു സഹകാര്യ കമ്പനിയല്ല.

(ബി) ദുബായ് സർക്കാരിന്റെ പരിപൂർണ്ണ ഉടമസ്ഥതയിലുള്ളതും ദുബായ് സർക്കാരിന്റെ ദുബായ് ടെക്നോളജി, ഇലക്ട്രോണിക്സ്, കോമേഴ്സ് ആന്റ് മീഡിയ ഫ്രീ സോൺ അതോറിറ്റി ലാ യുടെ ലാ നമ്പർ 1/2000 മുഖേന രൂപീകരിച്ചിട്ടുള്ളതുമായ ദുബായ് ടെക്നോളജി ഇലക്ട്രോണിക്സ്, കോമേഴ്സ് ആന്റ് മീഡിയ (TECOM) എന്ന സ്ഥാപനമാണ് സ്മാർട്ട് സിറ്റി പദ്ധതിയിൽ പണം മുടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly